പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3605 20.10.2016 – ൽ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിൽ വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി :<br>ശ്രീ. സി.കെ.നാണു :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ :<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ റോഡ് നിർമ്മാണത്തിലും കെട്ടിട നിർമ്മാണത്തിലും കരാറുകാരും ഉദ്യോഗസ്ഥന്മാരും ഒത്തുകളിച്ച് അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (എ) പൊതുമരാമത്ത് വകുപ്പിൽ റോഡ് നിർമ്മാണത്തിലും കെട്ടിട നിർമ്മാണത്തിലും കരാറുകാരും ഉദ്യോഗസ്ഥന്മാരും ഒത്തുകളിച്ച് അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി നിരവധി കേസുകളിൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ലഭ്യമാക്കിയ ഒരു സിസ്റ്റം സ്റ്റഡി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | പ്രസ്തുത വിഷയത്തിൽ ഈ വകുപ്പിൽ ധാരാളം റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതിനാൽ വർഷം, ജില്ലാ, വിഷയം എന്നിവ തിരിച്ചുള്ള കേസിന്റെ വിശദാംശം ലഭ്യമാക്കിയാൽ ആയതിന്റെ പകർപ്പ് നൽകുന്നതാണ്. |
| (സി) | ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കാനും സുതാര്യവും അഴിമതി വിമുക്തമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; | (സി) | പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കാൻ പൊതുമരാമത്ത് വിജിലൻസ് വിഭാഗം നടപടികൾ കൈക്കൊള്ളുന്നുണ്ട്. മിന്നൽ പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ കൈക്കൊള്ളാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും, വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും 4 എഞ്ചിനീയർമാരെ സസ്പെൻഡ് ചെയ്യുകയും 8 എഞ്ചിനീയർമാരെ സ്ഥലം മാറ്റം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ചർ വിംഗിനെ ശാക്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) | 1) ഓരോ ജില്ലകളുടെയും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചുമതല പൂർണ്ണമായും ഒരു ഡെപ്യൂട്ടി ആർക്കിടെക്റ്റിന് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) നൽകിയിട്ടുണ്ട്. ജില്ലകളിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മാസംതോറുമുള്ള അവലോകന |

യോഗത്തിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നിവയൊക്കെ ഈ ഉദ്യോഗസ്ഥന്റെ ചുമതലയായിരിക്കും.

2) അതാത് നിയമസഭാ മണ്ഡലങ്ങളിലെ നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ എം. എൽ. എ – മാരുമായും മറ്റു ജനപ്രതിനിധികളുമായും ചർച്ച ചെയ്തു തീരുമാനിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

3) നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകരിച്ച രൂപകൽപന പ്രകാരം നടക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

4) ഇലക്ട്രിക്കൽ, ഡ്രിക്ക് എന്നീ വിഭാഗങ്ങളുമായി കൂടുതൽ സഹകരണം ഉറപ്പുവരുത്തുവാൻ അതാത് വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയർമാരുമായി ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വാസ്തുശില്പ വിഭാഗം തയ്യാറാക്കുന്ന വിശദമായ രൂപകൽപനയ്ക്ക് ഒപ്പം തന്നെ ഇലക്ട്രിക്കൽ, സ്ട്രക്ചറൽ ഡ്രോയിംഗുകളും തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി ആവശ്യമുള്ള സമയത്ത് മീറ്റിംഗുകൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

5) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കംപ്യൂട്ടറുകൾ

വാങ്ങുന്നതിനു സോഫ്റ്റ് - വെയർ നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

കെട്ടിട നിർമ്മാണ രംഗത്തെ നവീന സാങ്കേതികവിദ്യകളും സങ്കേതങ്ങളും മനസ്സിലാക്കുവാനും, അവ പൊതുമരാമത്ത് വകുപ്പിൻ കീഴിലെ കെട്ടിടങ്ങളിൽ പ്രയോഗിക്കുന്നതിന്റെ സാദ്ധ്യത മനസ്സിലാക്കുവാനും വാസ്തുശില്പ പ്രാധാന്യമുള്ള ഇന്ത്യയിലെ നിർമ്മിതികൾ നേരിട്ട് കണ്ട് പഠിക്കുവാനുള്ള അവസരങ്ങൾ വിംഗിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ച്ചറൽ വിംഗിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാതെ തന്നെ വിംഗിന്റെ കാര്യക്ഷമത കൂട്ടുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ........